# അദ്ധ്യായം - 40



**ബാബയുടെ കഥകൾ**

*1. മിസ്സിസ്സ് ദേവിന്റെ ഉദ്യാപന അടിയന്തരത്തിൽ മറ്റു രണ്ടു പേരോടുകൂടി വന്ന് ഒരു സന്യാസി എന്ന നിലയിൽ പങ്കെടുത്തത് - ഹേമദ്പാന്തിന്റെ വീട്ടിൽ ബാബ ചിത്രത്തിന്റെ രൂപത്തിൽ സന്ദർശിച്ചത്.*

## മുഖവുര

ഭക്തന്മാർക്ക് ഭൗതീകവും ആദ്ധ്യാത്മീകവുമായ കാര്യങ്ങളിൽ ഉപദേശം കൊടുത്ത് അവരെ സന്തുഷ്ടരാക്കി ജീവിത ലക്ഷ്യത്തിലെത്തിക്കുന്ന സായി സമർത്ഥ് അനുഗ്രഹീതനാണ്. സായി അവരുടെ തലയിൽ കൈവെക്കുന്നതോടുകൂടി തന്റെ ശക്തി അവർക്ക് പ്രദാനം ചെയ്ത്, സകല ഭേദങ്ങളെയും ഇല്ലായ്മചെയ്ത്, കൈവരുത്തുവാൻ അസാദ്ധ്യമായ സംഗതികൾ സുസാദ്ധ്യമാക്കിതീർക്കുന്നു. മുന്നിൽ നമസ്കരിക്കുന്നവരെ ആലിംഗനം ചെയ്ത് അവരുടെ ദ്വന്ദഭാവങ്ങളും വ്യത്യാസങ്ങളും

ഇല്ലായ്മ ചെയ്യുന്നു. ബാബ, ഏതുവിധം സമുദ്രം നദിയെ തന്നിൽ ചേർത്ത് തന്റെ മഹിമ നദിക്ക് പ്രദാനം ചെയ്യുന്നുവോ, അതു പോലെ ഭക്തൻമാരെ തമ്മിൽചേർത്ത് തന്റെ ശക്തി അവർക്ക് പ്രദാനം ചെയ്യുന്നു. ദൈവഭക്തന്മാരുടെ ലീലകളെ പ്രകീർത്തി ക്കുന്നത് ഭഗവാന്റെ ലീലകളെ തന്നെ പ്രകീർത്തിക്കുന്നതിന് തുല്യമാണ്. ഇനി ഈ അദ്ധ്യായത്തിലെ കഥകളിലേയ്ക്ക് പ്രവേ ശിക്കാം.

## മിസ്സിസ് ദേവിന്റെ ഉദ്യാപന അടിയന്തരം

മിസ്റ്റർ ബി. വി. ദേവ് താനയിലെ ദഹനുവിൽ മംലത്ത്ദാർ ആയിരിക്കുമ്പോൾ അയാളുടെ അമ്മ ഇരുപത്തഞ്ചോ മുപ്പതോ വ്യതങ്ങൾ ആചരിച്ച് കഴിഞ്ഞതിനാൽ അതിന്റെ ഒരു ഉദ്യാപന അടിയന്തിരം (പടിപൂർത്തിവരുത്തൽ) നടത്താൻ തീർച്ചയാക്കി. അതിന് 100–200 ബ്രാഹ്മണർക്ക് ഭക്ഷണം കൊടുക്കണം. അതിന് ദിവസം നിശ്ചയിച്ച് അയാൾ ബാപ്പുസാഹെബ് ജോഗിന് എഴു തുകയും ബാബ വന്ന് സദ്യയിൽ പങ്കുകൊണ്ടാലെ ചടങ്ങ് പൂർത്തിയാവൂ എന്ന് പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു. കത്ത്, ബാബക്ക്, ജോഗ് വായിച്ചുകൊടുത്തു. അതിലെ ശുദ്ധ ഹൃദയത്തോടുകൂടിയ ക്ഷണം സ്വീകരിച്ച് “ഞാൻ എന്നെ സ്മരി ക്കുന്നവരെപ്പറ്റി സദാ ശ്രദ്ധാലുവാണ്. എനിക്ക് വാഹനമോ വണ്ടിയോ ടോങ്കയോ, തീവണ്ടിയോ, വിമാനമോ ഒന്നും ആവ ശ്യമില്ല. എന്നെ സ്നേഹപൂർവ്വം വിളിക്കുന്നവന്റെ അടുക്കലേക്ക് ഞാൻ പാഞ്ഞെത്തി ആവീർഭവിക്കുന്നു. അയാൾക്ക് സ്നേഹ പൂർവ്വം മറുപടി അയക്കുക. നമ്മൾ മൂന്ന് പേർചേർന്ന് പങ്കു കൊള്ളുമെന്നറിയിക്കുക” എന്ന് ബാബ പറഞ്ഞു. ബാബപറ ഞ്ഞവിവരം ജോഗ്ദേവിനെ അറിയിക്കുകയുംചെയ്തു. ദേവിന്

സന്തോഷമായെങ്കിലും ബാബ ദൂരയാത്രക്ക് പോവില്ലെന്നും, റാഹ ദ, റൂയി, നിമഗോൺ എന്നിവിടങ്ങളിൽ മാത്രമെ പോകാറുള്ളൂ എന്നും അറിയാമായിരുന്നു. അയാൾ അതേമയം തന്നെ സർവാന്തര്യമിയായ ബാബക്ക് സാദ്ധ്യമല്ലാത്തതൊന്നുമില്ലെന്നും ഏതെങ്കിലും ഇഷ്ടമുള്ളരൂപത്തിൽ വന്ന് പങ്കെടുത്തുകൂടായെന്നുമില്ലെന്നും കരുതി.

അടിയന്തിരത്തിന് കുറച്ച് ദിവസം മുമ്പ് ബങ്കാളി വേഷത്തിൽ ഒരു സന്യാസി, ഗോസംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുകയാണെന്നും പറഞ്ഞ് ദഹനുവിലെ സ്റ്റേഷൻ മാസ്റ്ററുടെ അടുക്കൽ സംഭാവനക്ക് ചെന്നു. സ്റ്റേഷൻമാസ്റ്റർ സന്യാസിയോട് ടൗണിൽപോയി മംലത്ത്ദാരെ (ദേവ്) കണ്ട് അദ്ദേഹത്തിന്റെ സഹായത്തോടെ ഫണ്ട് പിരിക്കുന്നതാണ് നല്ലതെന്നും പറഞ്ഞു. അന്നേരം മംല്ലത്ത്ദാർ തന്നെ സ്റ്റേഷനിലേക്ക് വന്നു. സ്റ്റേഷൻമാസ്റ്റർ സന്യാസിയെ പരിചയപ്പെടുത്തികൊടുത്തു. മംലത്ത്ദാറും സന്യാസിയും സംസാരിച്ച്കൊണ്ട് പ്ലാറ്റ്ഫോമിൽതന്നെ ഇരുന്നു. മംലത്ത്ദാർ, അപ്പോൾ അവിടുത്തെ പ്രധാനപൗരനായ റാവു സാഹെബ് നെരോത്തംഷെട്ടി ഒരു സംഭാവന പിരിവുതുടങ്ങിയിട്ടുണ്ടെന്നും ഉടനെ മറ്റൊരു പിരിവുകൊണ്ടു ഗുണമുണ്ടാവില്ലെന്നും അതുകൊണ്ട് രണ്ടുനാല് മാസങ്ങൾക്കുശേഷം വരുന്നതാണ് നല്ലതെന്ന് പറഞ്ഞു. ഇതുകേട്ട് സന്യാസി സ്ഥലം വിടുകയും ചെയ്തു. സുമാർ ഒരു മാസം കഴിയുന്നതിന് മുൻപായി ഒരു ദിവസം സന്യാസി ഒരു ടോങ്കയിൽ വന്ന് രാവിലെ 10 മണിയോടുകൂടി മിസ്റ്റർ ദേവിന്റെ വീട്ടിനുമുന്നിൽ ഇറങ്ങി. ദേവ് അദ്ദേഹം സംഭാവനക്ക് വന്നതായിരിക്കുമെന്നാണ് ധരിച്ചത്. അടിയന്തിരത്തിന്റെ ഒരുക്കങ്ങൾ കണ്ട് സന്യാസി, താൻസംഭാവനക്ക്

വന്നതല്ലെന്നും ഭക്ഷണത്തിനാണ് വന്നതെന്നും പറഞ്ഞു. ദേവ് അതുകേട്ട് "ശരി വളരെ സന്തോഷം, നിങ്ങൾക്ക് സ്വാഗതം! വീടു തന്നെ നിങ്ങളുടേതുപോലെ കരുതു" എന്നുപറഞ്ഞു. അപ്പോൾ സന്ന്യാസി "എന്റെ കൂടെ രണ്ട്പയ്യന്മാരുണ്ട്". ദേവ് "എന്നാൽ അവരേയുകൂട്ടി വരൂ" എന്നുപറഞ്ഞു. പിന്നെയും ഊണിനും രണ്ടുമണിക്കൂർ താമസമുള്ളതുകൊണ്ട് എവിടേക്കാണ് ആളെ അയച്ച് വിളിക്കേണ്ടതെന്ന് ദേവ് ചോദിച്ചു. അത്യാവശ്യം ഇല്ലെന്നും നിശ്ചിത സമയത്ത് താൻ തന്നെ വന്നുകൊള്ളാമെന്നും സന്ന്യാസി പറഞ്ഞു. കൃത്യം 12 മണിക്കു മൂന്നുപേരും കൂടി വന്ന് ഭക്ഷണത്തിൽ പങ്കുകൊണ്ട് പോവുകയും ചെയ്തു.

അടിയന്തിരം കഴിഞ്ഞ് ദേവ് ബാപ്പുസാഹെബ് ജോഗിന് ബാബ വാക്കുപാലിച്ചെന്ന് പറഞ്ഞ് ഒരു കത്തയച്ചു. ജോഗ് കത്തുമായി ബാബയുടെ അടുക്കൽ പോയി. അതു തുറക്കുന്നതിന് മുമ്പായി ബാബ "ആ, അവൻ പറയുന്നത് ഞാൻ ചെല്ലാമെന്ന് വാഗ്ദത്തം ചെയ്ത്, പോയില്ലെന്നാണ്. ഞാൻ വേറെ രണ്ടു പേരോടുകൂടി സദ്യയിൽ പങ്കുകൊണ്ടു എന്നവനെ അറിയിക്കുക. പക്ഷെ അവനെന്നെ തിരിച്ചറിഞ്ഞില്ല. പിന്നെ എന്തിന് എന്നെ വിളിച്ചു? സന്ന്യാസി സംഭാവനക്ക് വന്നതാണെന്ന് അവൻ ധരിച്ചതെന്ന് പറയുക. അന്നേരം അവന്റെ സംശയം തീർത്ത് വേറെ രണ്ടുപേരെയും കൂട്ടി വരുമെന്ന് പറഞ്ഞില്ലെ? അങ്ങനെ മൂന്നു പേർ വന്ന് സദ്യയിൽ പങ്കുകൊണ്ടില്ലെ? നോക്കൂ വാക്കുപാലിക്കാൻ വേണ്ടി ഞാൻ ജീവൻതന്നെ ബലികഴിക്കും. ഞാൻ ഒരിക്കലും എന്റെ വാക്കുകൾ തെറ്റിക്കില്ല" എന്നുപറഞ്ഞു. ഈ വാക്കുകൾ കേട്ട് സന്തുഷ്ടനായ ജോഗ് വിവരം ദേവിനെ അറിയിച്ചു. ആ കത്ത് വായിച്ച ഉടനെ അയാൾ സന്തോഷാശ്രുക്കൾ പൊഴിയിക്കുകയും ബാബയെ പഴിച്ചതിന് മനസ്സാ തന്നത്താൻ

ശപിക്കുകയും ചെയ്തു. സന്യാസിയുടെ ആദ്യത്തെ സംഭാവന പിരിവിനുള്ള വരവും മറ്റും തന്നെ പറ്റിച്ചതായിരുന്നതെന്നും സന്ന്യാസി രണ്ടുപേരോടുകൂടി ഊണിനുവരാമെന്ന് പറഞ്ഞപ്പോഴെങ്കിലും മനസ്സിലാവാഞ്ഞത് കഷ്ടമായിപ്പോയെന്ന് അയാൾ അത്ഭുതപ്പെടുകയും സങ്കടപ്പെടുകയും ചെയ്തു.

ഈ കഥ, ഭക്തൻമാർ സമർപ്പണബുദ്ധിയോടെ സദ്ഗുരുവെ സമീപിച്ചാൽ അവരുടെ വീടുകളിലെ മതപരമായ ചടങ്ങുകൾ വേണ്ടുംവിധം ഗുരുതന്നെ നടത്തിക്കൊടുക്കും എന്നതിന് ഉദാഹരണമാണ്.

## ഹേമദ്പാന്തിന്റെ സദ്യ

ബാബ ഒരു ചിത്രത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ഭക്തന്മാരുടെ ആഗ്രഹം സാധിച്ചുകൊടുത്ത കഥ പറയാം. 1917-ൽ ഒരു വെളുത്ത വാവുദിവസം രാവിലെ ഹേമദ്പാന്തിനും ഒരു ദർശനമുണ്ടായി. ബാബ നല്ലനിലയിൽ വസ്ത്രങ്ങൾ ധരിച്ച് ഒരു സന്യാസിയെപോലെ വന്ന് അയാളെ ഉണർത്തി അന്ന് ഭക്ഷണത്തിനു വരുന്നതാണെന്ന് പറഞ്ഞതായിട്ടാണ് ദർശനം. ഉണർത്തലും സ്വപ്നത്തിന്റെ ഒരു ഭാഗമായിരുന്നു. നല്ലപോലെ ഉണർന്നപ്പോൾ സായിയോ സന്യാസിയോ ഇല്ല. നല്ലതായി ഓർമ്മിച്ചുനോക്കുമ്പോൾ സന്യാസി പറഞ്ഞ ഓരോവാക്കും മനസ്സിൽ ദൃഢമായി തെളിഞ്ഞു. ബാബയുമായി ഏഴുകൊല്ലത്തോളം അടുപ്പമുണ്ടായിരുന്നിട്ടും സദാസമയം ബാബയെ ധ്യാനിച്ചിരിക്കലുണ്ടായിട്ടും തന്റെ വീട്ടിൽ ബാബ ഭക്ഷണത്തിന് വരുമെന്ന് തീരെ പ്രതീക്ഷിച്ചിരുന്നില്ല. എന്തായാലും വളരെ സന്തോഷത്തോടുകൂടി അയാൾ ഭാര്യയോടുചെന്ന്, അന്ന് ഹോളിദിവസമായിരുന്നതുകൊണ്ട് ഒരു സന്യാസികൂടി ഭക്ഷണത്തിന് വരു

മെന്ന് കുറച്ചുകൂടി ചോറും മറ്റും തയ്യാറാക്കണമെന്ന് പറഞ്ഞേൽപ്പിച്ചു. പിന്നീട് അവർക്ക് തെറ്റിദ്ധാരണ ഉണ്ടാവാതിരിക്കാൻ, അയാൾക്കുണ്ടായ സ്വപ്നദർശനത്തിലെ വിവരവും പറഞ്ഞുകൊടുത്തു. അവർ ബാബ, ഷിർദ്ദിയിൽനിന്ന് ബന്ദ്രയിൽ വരുമോ എന്നും സ്വാദിഷ്ടമായ ഭക്ഷണങ്ങൾ ഉപേക്ഷിച്ച് അവരുടെ സാധാരണ ചോറും കറിയും കഴിക്കാൻ വരുമോ എന്നും ശങ്കിച്ചു. അപ്പോൾ ഹേമദ്പാന്ത്, ബാബ അങ്ങനെ അല്ല വരുകയെന്നും ഏതെങ്കിലും അതിഥിയുടെ രൂപത്തിൽ അവിടെ വന്ന് ഭക്ഷണത്തിന് പങ്കുകൊള്ളുമെന്നും അയാൾ പറഞ്ഞു. ഏതായാലും അവർ കുറച്ചുകൂടി ചോറും കറികളും തയ്യാറാക്കാൻ നിശ്ചയിച്ചു.

ഇതിനുശേഷം ഭക്ഷണം തയ്യാറാക്കുകയും ഉച്ചയോടുകൂടി എല്ലാം ഒരുക്കുകയും ചെയ്തു. ഹോളി പൂജ കഴിച്ച് ഇലകൾ വെച്ച് അവയ്ക്കുചുറ്റും 'രംഗോളി' അടയാളങ്ങളുമിട്ടു. രണ്ടു വരിയായി ഇലവെച്ചതിന് നടുക്ക് അതിഥിക്കും ഒരു ഇല വെച്ചു. കുടുംബാംഗങ്ങളെല്ലാം അതായത് ആൺമക്കളും അവരുടെ മക്കളും പെൺമക്കളും അവരുടെ ഭർത്താക്കൻമാരും എല്ലാം അതാത് സ്ഥാനത്തിരുന്നു. വിഭവങ്ങളെല്ലാം വിളമ്പി അപ്പോഴെല്ലാം അവർ അതിഥിയെ പ്രതീക്ഷിച്ചിരുന്നെങ്കിലും ആരും വന്നില്ല. ഉച്ചതിരിയാനും തുടങ്ങി അപ്പോൾ വാതിലടച്ച് സാക്ഷയിട്ട് അന്നശുദ്ധി (നെയ്യ്) വിളമ്പി. അതുഭക്ഷണം തുടങ്ങാനുള്ള അടയാളമാണ്. അഗ്നിക്ക് പൂജയും കൃഷ്ണന് നിവേദിക്കലും കഴിഞ്ഞു. വീട്ടുകാർ ഉണ്ണാൻതുടങ്ങുമ്പോഴേക്കും കോണിപ്പടി കയറുന്ന ചവിട്ടടി വ്യക്തമായി കേട്ടു. ഹേമദ്പാന്ത് പോയി വാതിൽ തുറന്നുനോക്കിയപ്പോൾ രണ്ട് പേർ വന്നിട്ടുണ്ട്. ഒരാൾ ആലിമുഹമ്മദും, രണ്ടാമത്തെയാൾ മൗലാന ഇസാമുമുജാവറു

മാണ്. അവർ, വീട്ടുകാർ ഭക്ഷണത്തിനിരിക്കയാണെന്ന് കണ്ട് ഹേമദ്പാന്തിനോട് അപ്പോൾ ഇടക്ക് കയറിവന്നതിന് ക്ഷമ ചോദിച്ചു. അവർ, “നിങ്ങൾ ഉണ്ണാനിരിക്കുന്നിടത്തുനിന്നാണല്ലോ എഴുന്നേറ്റ് വന്നത്. ബാക്കിയുള്ളവർ നിങ്ങളെ കാത്തിരിക്കുന്നു.. അതുകൊണ്ട്, ഇത് നിങ്ങൾക്കുള്ള സാധനമാണ്. അതു വാങ്ങിക്കൊള്ളു. അതിനെ സംബന്ധിച്ച് അതിശയകരമായ കഥ പിന്നീട് സൗകര്യംപോലെ പറയാം” എന്ന് പറഞ്ഞ് കക്ഷത്തുനിന്ന് പഴയ ദിനപത്രത്തിൽ പൊതിഞ്ഞ ഒരു പാക്കറ്റ് മേശപ്പുറത്തുവെച്ചു. ഹേമദ്പാന്ത് പൊതിയഴിച്ചുനോക്കിയപ്പോൾ അയാൾക്ക് വിസ്മയം തോന്നത്തക്കവണ്ണം നല്ല ഭംഗിയുള്ള ബാബയുടെ ഒരു വലിയ ചിത്രമായിരുന്നു അത്. അത് കണ്ട് സന്തുഷ്ടനായി രോമഹർഷം പൂണ്ട് കണ്ണീർപൊഴിച്ചു. അയാൾ തലകുനിച്ച് ചിത്രത്തിലെ ബാബയുടെ പാദങ്ങൾ നമസ്ക്കരിച്ചു. ബാബ, ഈ ലീല കൊണ്ടുതന്നെ അനുഗ്രഹിച്ചതാണെന്നയാൾ പൂർണ്ണമായി വിശ്വസിച്ചു. ജിജ്ഞാസകൊണ്ട് അയാൾ ആലിമുഹമ്മദിനോടും ഈ ചിത്രം എങ്ങനെ കിട്ടി എന്നുചോദിച്ചു. അയാൾ അത് പീടികയിൽ നിന്നു വാങ്ങിയതാണെന്നും വിവരങ്ങൾ എല്ലാം പിന്നീട് പറയാമെന്നും ബാക്കിപേർ കാത്തിരിക്കുന്നതുകൊണ്ട് അയാൾ ഉടനെ അവരോടുകൂടി ചേരണമെന്നും പറഞ്ഞു. ഹേമദ്പാന്ത് നന്ദിപറഞ്ഞ് അവരെ യാത്രയയച്ച് ഉണ്ണാനിരിക്കുന്ന സ്ഥലത്തേക്ക് ചെന്നു. അതിഥിക്കായി കരുതിവെച്ച സ്ഥാനത്ത് ചിത്രം വെച്ച് എല്ലാം വിഭവങ്ങളും നിവേദിച്ച് അവരെല്ലാവരും ഭക്ഷണം കഴിച്ചു. ആ ചിത്രത്തിലെ സുന്ദരമായ രൂപം കണ്ട് എല്ലാവരും സന്തോഷിക്കുകയും ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്നും അതിശയിക്കുകയും ചെയ്തു.

ഇങ്ങനെയാണ് സായിബാബ ഹേമദ്പാന്തിനോട് സ്വപ്ന

ത്തിൽ പറഞ്ഞ വാക്കുകൾ പാലിച്ചത്. ചിത്രത്തിന്റെ കഥ അതായത് ആലി മുഹമ്മദിൽ അത് എങ്ങനെ കിട്ടിയെന്നും, എന്തിനാണ് ഹേമദ്പാന്തിന് കൊടുത്തത് എന്നും അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തിഭവിക്കട്ടെ !